# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1098        05.03.2020-ൽ മറുപടി നൽകേണ്ടത്.

**സ്പെഷ്യൽ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തൽ**

| ചോദ്യം<br>ശ്രീ.സി.കെ.ശശീന്ദ്രൻ<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.എം.മുകേഷ് | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ മേഖലയിൽ 7 സ്പെഷ്യൽ കേന്ദ്രങ്ങളും എയിഡഡ് മേഖലയിൽ 36 സ്പെഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നു. സർക്കാർ സ്പെഷ്യൽ സ്കൂളുകളുടെ ഭൗതിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രതിവർഷം പദ്ധതി വിഹിതത്തിൽ 65 ലക്ഷം രൂപ വകയിരുത്തുന്നുണ്ട്. താഴെപറയുന്ന കാര്യങ്ങൾക്ക് തുക വിനിയോഗിക്കുന്നുണ്ട്.<br>1. സ്റ്റേറ്റ് സ്പെഷ്യൽ സ്കൂൾ പ്രവർത്തി പരിചയമേള - 15 ലക്ഷം<br>2. കരാർ ജീവനക്കാരുടെ ഓണറേറിയം - 20 ലക്ഷം<br>3.ക്ലാസ് റൂം ഹോസ്റ്റൽ, അടുക്കള എന്നിവയിൽ ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതിന് - 20 ലക്ഷം.<br>4.ലാബ്, ലൈബ്രറി, സ്പോർട്സ് ഇനങ്ങൾ വാങ്ങുന്നതിന് - 8 ലക്ഷം<br>5.പ്രഥമാധ്യാപകരുടെ മീറ്റിംഗ്, റ്റി.എ/ഡി.എ, ചോദ്യപേപ്പർ വിതരണം, അദ്ധ്യാപക പരിശീലനം, സ്കീമിന്റെ മോണിറ്ററിംഗ് - 2 ലക്ഷം.<br>**ആകെ 65 ലക്ഷം.** |

| | | | |
|---|---|---|---|
| (ബി) | ഇത്തരം സ്കൂളുകളിലെ കുട്ടികൾക്ക് നിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനാവശ്യമായ പഠന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | എസ്.സി.ഇ.ആർ.ടി മുഖേന 7 മുതൽ 12 വരെ പ്രായത്തിലുള്ള സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്കായി പ്രത്യേക പാഠ്യ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി അധ്യാപക സഹായിയും പ്രവർത്തന പുസ്തകങ്ങളും വികസിപ്പിച്ച് സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.<br>ശ്രവണ പരിമിതി വിഭാഗം സവിശേഷ വിദ്യാലയങ്ങളിലെ 5 മുതൽ 10 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളും അധ്യാപക സഹായിയും വികസിപ്പിച്ച് എല്ലാ വിദ്യാലയങ്ങൾക്കും നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സാങ്കേതിക വിദ്യയിലധിഷ്ഠിതമായ എന്തെല്ലാം പരിശീലന പരിപാടികളാണ് അദ്ധ്യാപകർക്കായി സംഘടിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | 1. ബുദ്ധിപരിമിതി വിഭാഗം സവിശേഷ വിദ്യാലയങ്ങളിലെ അധ്യാപകർക്ക് എസ്.ആർ.ജി പരിശീലനം നൽകിയിട്ടുണ്ട്.<br>2. ശ്രവണ പരിമിതി വിഭാഗം സവിശേഷ വിദ്യാലയങ്ങളിലെ 2 അധ്യാപകർക്ക് വീതം ഇന്ത്യൻ ആംഗ്യഭാഷാ പരിശീലനം നൽകിയിട്ടുണ്ട്.<br>3. കേരളത്തിലെ 12 കാഴ്ച പരിമിതി വിഭാഗം സവിശേഷ വിദ്യാലയത്തിൽ നിന്നും 2 അധ്യാപകരെ വീതം സംഘടിപ്പിച്ച് എസ്.സി.ഇ.ആർ.ടി വികസിപ്പിച്ചെടുത്ത 'ശാരദാബ്രെയിൽ' സോഫ്റ്റ് വെയർ പരിശീലനം നൽകിയിട്ടുണ്ട്. |
| (ഡി) | സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾ കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ് ഉടങ്ങിയ തലങ്ങളിലായി മോണിറ്റർ ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ